# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23-11-2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 AM**

1. ജി - 20 ഉച്ചകോടിയിൽ ആഗോള വികസനം ലക്ഷ്യമിട്ടുള്ള ആറ് പുതിയ സംരംഭങ്ങൾ മുന്നോട്ട് വച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   At the G-20 summit, Prime Minister Narendra Modi put forward six new initiatives aimed at global development.

2. സമഗ്ര ആഗോള വളർച്ചയ്ക്ക് ഐക്യദാർഢ്യം, സമത്വം, സുസ്ഥിരത എന്നിവ അനിവാര്യമെന്ന് ജി20 പ്രഖ്യാപനം; സംയുക്ത പ്രഖ്യാപനം അംഗീകരിച്ച് ലോക നേതാക്കൾ.

   The G20 declaration states that solidarity, equality, and sustainability are essential for comprehensive global growth. World leaders approved the joint declaration.

3. കേരളത്തിൽ വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 31 ലക്ഷം കവിഞ്ഞതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

   Chief Electoral Officer Rathan U. Kelkar said that, as part of the Special Intensive Revision of electoral role in Kerala, the number of digitized enumeration forms has crossed 31 lakhs.

4. വായു ഗുണനിലവാരം മോശമായി തുടരുന്ന സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ ഓഫീസുകൾ 50 ശതമാനം ജീവനക്കാരുമായി പ്രവർത്തിക്കണമെന്ന നിർദേശവുമായി ഡൽഹി സർക്കാർ.

   **The Delhi Government has issued an advisory for private offices in national capital to operate at 50 percent on-site workforce capacity.**

5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്കും ഇടിമിന്നലിനും സാധ്യത. ഏഴ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക്.

   **There is a possibility of widespread rain and thunderstorms in Kerala in the coming days. A yellow alert has been issued in seven districts and in Lakshadweep. Fishing is prohibited along the Kerala–Lakshadweep coasts today.**

6. കേൾവി പരിമിതർക്കുള്ള ഡെഫ് ലിമ്പിക്സിൽ ഇന്ത്യയുടെ മഹിത് സന്ധുവിന് രണ്ടാം സ്വർണം.

   **Indian shooter Mahit Sandhu clinches gold in the women's 50 metre Rifle 3 Positions at Summer Deaflympics in Tokyo.**

****************************************

## PM-G20 OPENING DAY

ആഗോള വികസനം ലക്ഷ്യമിട്ടുള്ള ആറ് പുതിയ സംരംഭങ്ങളുമായി ജി20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ ജി20 ഉച്ചകോടിയുടെ ഉദ്ഘാടന ദിനത്തിൽ രണ്ടു സെഷനുകളെ അദ്ദേഹം അഭിസംബോധന ചെയ്തു. ഭാവി തലമുറയ്ക്കായി ആഗോളതലത്തിൽ പരമ്പരാഗത വൈജ്ഞാനിക ശേഖരം

സൃഷ്ടിക്കൽ, ആഗോള ആരോഗ്യ സംരക്ഷണ പ്രതികരണ സംഘം, മയക്കുമരുന്ന്, ഭീകരത എന്നിവയെ നേരിടുന്നതിനുള്ള സംരംഭം, തുടങ്ങിയവാണ് ആദ്യ സെഷനിൽ ശ്രീ നരേന്ദ്ര മോദി മുന്നോട്ട് വെച്ചത്. പുനരുജ്ജീവന ശേഷിയുള്ള ലോകം എന്ന വിഷയത്തിൽ നടന്ന രണ്ടാമത്തെ സെഷനിൽ നിർണായക ധാതുക്കളിൽ സഹകരണം ലക്ഷ്യമിട്ടുള്ള സംരംഭം, കൃഷി, മത്സ്യബന്ധനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വികസ്വര രാജ്യങ്ങൾക്ക് ജി-20 ബഹിരാകാശ ഏജൻസികളുടെ ഉപഗ്രഹ ഡാറ്റ ലഭ്യമാക്കുന്നതിനുള്ള സാറ്റലൈറ്റ് ഡാറ്റ പങ്കാളിത്തം എന്നിവയും അദ്ദേഹം പരാമർശിച്ചു.

****************************************

## G20 SUMMIT DECLARATION (INTRO)

സമഗ്രമായ ആഗോള വളർച്ചയ്ക്ക് ഐക്യദാർഢ്യം, സമത്വം, സുസ്ഥിരത എന്നിവ അനിവാര്യ ഘടകങ്ങളാണെന്ന് ജി20 പ്രഖ്യാപനം. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ നടന്ന ജി20 ഉച്ചകോടിയിൽ നേതാക്കൾ സംയുക്ത പ്രഖ്യാപനം അംഗീകരിച്ചു.

**വിശദാംശങ്ങളിലേക്ക്....**

*(വോയിസ്)*

*ഊർജ്ജ സുരക്ഷ, കാലാവസ്ഥാ സംരക്ഷണം, ദുരന്ത പ്രതിരോധം എന്നിവയുടെ പ്രാധാന്യം വ്യക്തമാക്കുന്നതാണ് ജി20 പ്രഖ്യാപനം. വർദ്ധിച്ചുവരുന്ന ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ, സാമ്പത്തിക സ്ഥിരതയ്ക്ക് ഭീഷണിയാണെന്ന് പ്രഖ്യാപനത്തിൽ പറയുന്നു. ബഹുരാഷ്ട്ര സഹകരണം ഉറപ്പാക്കേണ്ടതിന്റെയും അന്താരാഷ്ട്ര നിയമങ്ങൾ പാലിക്കേണ്ടതിന്റെയും തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കേണ്ടതിന്റെയും പ്രാധാന്യവും ജി20 പ്രഖ്യാപനത്തിലുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം എന്നിവയിൽ നിക്ഷേപം നടത്തുന്നതിന് വികസ്വര രാജ്യങ്ങളുടെ കടബാധ്യത തടസ്സമാണെന്നും പ്രഖ്യാപനം ചൂണ്ടിക്കാട്ടുന്നു. അമേരിക്കയുടെ*

*എതിർപ്പ് അവഗണിച്ചാണ് 39 പേജുള്ള പ്രഖ്യാപനരേഖ ജി20 രാജ്യങ്ങൾ അംഗീകരിച്ചത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

**************************************

## PM-WORLD LEADERS MEETINGS

ജി 20 ഉച്ചകോടിയുടെ ഭാഗമായി ലോക നേതാക്കളുമായി ചർച്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള പുരോഗതിക്കും സമൃദ്ധിക്കും വേണ്ടിയുള്ള പങ്കിട്ട പ്രതിബദ്ധത ലോക നേതാക്കളുമായുള്ള ചർച്ചയിൽ ആവർത്തിച്ചു ഉറപ്പിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാർമർ, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്കറൂൺ, മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം ഉൾപ്പടെയുള്ള ലോക നേതാക്കളുമായാണ് പ്രധാനമന്ത്രി ഇന്നലെ ചർച്ച നടത്തിയത്. ദക്ഷിണ കൊറിയ, ബ്രസീൽ, സിംഗപ്പൂർ, അംഗോള, വിയറ്റ്നാം, എത്തിയോപ്പിയ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കളുമായും, യു എൻ സെക്രട്ടറി ജനറലുമായും ലോകാരോഗ്യ സംഘടനയുടെയും ലോക വ്യപാര സംഘടനയുടെ നേതാക്കളുമായും പ്രധാനമന്ത്രി ചർച്ച നടത്തി.
**************************************

## ACITI-PARTNERSHIP

സാങ്കേതികവിദ്യ മേഖലയിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള ത്രികക്ഷി ചട്ടക്കൂട് പ്രഖ്യാപിച്ച് ഇന്ത്യയും ഓസ്ട്രേലിയയും കാനഡയും. ജി 20 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി, ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസ്, കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി എന്നിവർ തമ്മിൽ നടന്ന കൂടിക്കാഴ്ചയെ തുടർന്നാണ് പ്രഖ്യാപനം. സാങ്കേതികവിദ്യ, നവീകരണ മേഖലകളിൽ സഹകരണം വികസിപ്പിക്കാൻ പങ്കാളിത്തം സഹായിക്കുമെന്ന് ശ്രീ നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.
**************************************

## LABOUR CODES

രാജ്യത്ത് പതിറ്റാണ്ടുകൾ പഴക്കമുള്ള തൊഴിൽ നിയമങ്ങൾ ലളിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടുള്ള നാല് പുതിയ തൊഴിൽ കോഡുകൾ പ്രാബല്യത്തിൽ. 2019 ലെ വേതന കോഡ്, 2020 ലെ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, 2020 ലെ സാമൂഹിക സുരക്ഷാ കോഡ്, 2020 ലെ തൊഴിൽ സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യ കോഡ് എന്നിവയാണ് പ്രാബല്യത്തിലായത്.

****************************************

## TEJAS-NAMANSH SYAL REPATRIATION

ദുബായ് എയർ ഷോയിൽ നടന്ന തേജസ് യുദ്ധവിമാന അപകടത്തിൽ വീരമൃത്യു വരിച്ച വിങ് കമാൻഡർ നമൻഷ് സ്യാലിന്റെ ഭൗതിക ദേഹം ഇന്ന് ഇന്ത്യയിൽ എത്തിക്കും. യുഎഇ യിലെ ഇന്ത്യൻ അംബാസിഡർ, കോൺസുൽ ജനറൽ എന്നിവർ ആദരാഞ്ജലി അർപ്പിച്ചു. തുടർന്ന്, ഗാർഡ് ഓഫ് ഓണർ നൽകി ഇന്ത്യൻ വ്യോമസേനയുടെ പ്രത്യേക വിമാനത്തിലാണ് ഭൗതിക ദേഹം നാട്ടിലേക്ക് എത്തിക്കുന്നത്.

****************************************

## UN CLIMATE DEAL BRAZIL

ബ്രസീലിലെ ബെലെമിൽ നടന്ന, ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ ഉച്ചകോടിയിൽ പുതിയ കരാറിൽ അംഗരാജ്യങ്ങൾ ഒപ്പുവച്ചു. കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ വികസ്വര രാജ്യങ്ങൾക്ക് നൽകുന്ന ധന സഹായം കുറഞ്ഞത് മൂന്നിരട്ടിയാക്കാൻ കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന ഫോസിൽ ഇന്ധനങ്ങൾ ഘട്ടംഘട്ടമായി നിർത്തലാക്കുന്നതിനെക്കുറിച്ച് കരാറിൽ പരാമർശമില്ല.

****************************************

## DELHI POLLUTION ADVISORY

ഡൽഹിയിലെ വായു ഗുണനിലവാരം മോശമായി തുടരുന്ന സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ ഓഫീസുകൾ 50 ശതമാനം ജീവനക്കാരുമായി പ്രവർത്തിക്കണം എന്ന

നിർദേശവുമായി ഡൽഹി സർക്കാർ. അവശേഷിക്കുന്ന ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം സൗകര്യം ഒരുക്കാനും നിർദേശമുണ്ട്. ജി.ആർ.എ.പി മൂന്നാം ഘട്ടത്തിന് കീഴിൽ, പൊതുജനാരോഗ്യത്തിലും വായു ഗുണനിലവാര സംരക്ഷണത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് മലിനീകരണ നിയന്ത്രണ നടപടികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടെന്ന് ഡൽഹി പരിസ്ഥതി മന്ത്രി അറിയിച്ചു.
****************************************

## ELECTION COMMISSIONER

കേരളത്തിൽ വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം 31 ലക്ഷം കവിഞ്ഞതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. തിരുവനന്തപുരത്ത് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എന്യൂമറേഷൻ ഫോം വിതരണം അവസാന ഘട്ടത്തിലേക്ക് കടന്നതായും അദ്ദേഹം അറിയിച്ചു.
****************************************

## KERALA - ELECTION

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന ദിവസം നാളെ. സ്ഥാനാർത്ഥികൾക്ക് നാളെ ഉച്ചകഴിഞ്ഞ് മൂന്ന് മണി വരെ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയമുണ്ട്. പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ പൂർത്തിയായി. അടുത്ത മാസം 9,11 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായിയാണ് വോട്ടെടുപ്പ്. ഡിസംബർ 13 ന് വോട്ടെണ്ണൽ നടക്കും.
****************************************

## JAMMU - JAWAN

ജമ്മുവിലെ രജൗരിയിൽ വീരമൃത്യു വരിച്ച മലപ്പുറം സ്വദേശി സുബേദാർ സജീഷിന്റെ സംസ്കാരം ഇന്ന്. സ്വവസതിയിലെത്തിച്ച മൃതദേഹം പൊതുദർശനത്തിന് വെച്ച ശേഷം പൂർണ

ഔദ്യോഗിക ബഹുമതികളോടെ ഇന്ന് സംസ്കരിക്കും. പട്രോളിങ്ങിനിടെ വാഹനം കൊക്കയിലേക്ക് മറിഞ്ഞ് ഇന്നലെയാണ് സുബേദാർ സജീഷ് വീരമൃത്യു വരിച്ചത്.
****************************************

## NADDA-UNITY MARCH (INTRO)

ഏക ഭാരതം, ശ്രേഷ്ഠ ഭാരതം, വികസിത ഭാരതം, സ്വയംപര്യാപ്ത ഇന്ത്യ എന്നിവയിലേക്ക് രാജ്യത്തെ നയിക്കാൻ യുവാക്കളെ പ്രചോദിപ്പിക്കുക എന്നതാണ് സർദാർ പട്ടേലിനോടുള്ള യഥാർത്ഥ ആദരമെന്ന് കേന്ദ്രമന്ത്രി ജെ പി നഡ്ഡ. സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച യൂണിറ്റി മാർച്ച് ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

****************************************

## DEAFLYMPICS

ടോക്കിയോയിൽ നടക്കുന്ന കേൾവി പരിമിതർക്കായുള്ള സമ്മർ ഡെഫ് ലിമ്പിക്സിൽ ഇന്ത്യൻ ഷൂട്ടർ മഹിത് സന്ധുവിന് രണ്ടാം സ്വർണം. വനിതകളുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷനിലാണ് മഹിത് സ്വർണ്ണം നേടിയത്. ഡെഫ് ലിമ്പിക്സിൽ പുതിയ ലോക റെക്കോർഡ് കുറിച്ചു കൊണ്ടാണ് ഇന്ത്യൻ താരം ഗെയിംസിലെ തന്റെ നാലാമത്തെ മെഡൽ നേടിയത്.
****************************************

## WEATHER KERALA

കേരളത്തിൽ വരും ദിവസങ്ങളിൽ വ്യാപക മഴയ്ക്കും ഇടിമിന്നലിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.
****************************************

## AMEBIC

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലായിരുന്ന ഒരു രോഗി കൂടി മരിച്ചു. പയ്യോളി സ്വദേശി സരസുവാണ് ഇന്നലെ മരിച്ചത്.

*****************************************

## GOA IFFI

ഗോവയിൽ 56-ാമത് ഇന്ത്യ രാജ്യാന്തര ചലച്ചിത്ര മേളയുടെ മൂന്നാം ദിനമായ ഇന്ന് നാല് ഇന്ത്യൻ ചിത്രങ്ങൾ പ്രദർശിപ്പിക്കും. മണിരത്നം സംവിധാനം ചെയ്ത തമിഴ് ചിത്രം ദളപതിയും ഇന്ന് പ്രദർശനത്തിനുണ്ടാകും. രാജ്യത്തുടനീളമുള്ള 16 സംസ്ഥാനങ്ങളിൽ നിന്നുള്ള നാടോടി കലാരൂപങ്ങളുടെ പ്രദർശനം ആസ്വാദകരുടെ മനം കവർന്നു. സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനാണ് വിവിധ സംസ്ഥാനങ്ങളിലെ നാടൻ കലാരൂപങ്ങളെ IFFI വേദിയിൽ എത്തിച്ചത്.

*****************************************

## BADMINTON

ഓസ്ട്രേലിയൻ ഓപ്പൺ പുരുഷ സിംഗിൾസ് ഫൈനലിൽ പ്രവേശിച്ച് ഇന്ത്യയുടെ ലക്ഷ്യ സെൻ. സിഡ്നിയിൽ ഇന്നലെ നടന്ന സെമി ഫൈനലിൽ ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് ലക്ഷ്യ സെൻ ഫൈനലിൽ ഇടം നേടിയത്. ഇന്ന് നടക്കുന്ന ഫൈനലിൽ ജാപ്പനീസ് താരമാണ് ഇന്ത്യയുടെ എതിരാളി.

*

**********************

*******************************************************